**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6104** **09-07-2024 - ൽ മറുപടിയ്ക്ക്**

**തേവലക്കരയിൽ അനുവദിച്ച സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ തേവലക്കരയിൽ അനുവദിച്ച സബ്സ്റ്റേഷനു വേണ്ടി ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം ആരംഭിയ്ക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കുമോ? | (എ) | ചവറ മണ്ഡലത്തിലെ തേവലക്കരയിൽ അനുവദിച്ച 110 kV സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് വേണ്ടി മൂന്നു സ്ഥലങ്ങൾ കണ്ടെത്തുകയും, ഇതിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലത്തു 110 kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള 31 കോടി രൂപയുടെ ഭരണാനുമതി 20.12.2023-ൽ നൽകിയിട്ടുണ്ട്.<br><br>ചവറ മണ്ഡലത്തിൽ പെട്ട പ്രസ്തുത സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ബോർഡ് തലത്തിൽ നടന്നു വരുന്നു. സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ ഉടനെ തന്നെ ടെൻഡർ നടപടികൾ ആരംഭിച്ച് സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാവുന്നതാണ്.<br><br>പ്രസ്തുത സബ്സ്റ്റേഷനിലേക്കുള്ള 110 kV ശാസ്താംകോട്ട-ചവറ ലൈനിന്റെ നിർമ്മാണത്തിന് ടെൻഡർ ക്ഷണിക്കുന്നതിനു വേണ്ടിയുള്ള എസ്റ്റിമേറ്റിൽ സാങ്കേതിക അനുമതി (ടെക്നിക്കൽ സാങ്ക്ഷൻ) നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ലൈനിന്റെ പ്രൊഫൈൽ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ടവർ ലൊക്കേഷനുകളുടെ മണ്ണ് പരിശോധനക്കുള്ള കരാർ നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമായാൽ ഉടൻ തന്നെ ലൈൻ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ